ചർച്ചക്കുശേഷം അന്തിമമായി തിരഞ്ഞെടുക്കപ്പെടുന്നതും നടപ്പാക്കപ്പെടുന്നതുമാണ്.

(ജി) രണ്ടു ലക്ഷംവരെയുള്ള സ്കീമുകൾക്ക് ഭരണാനുമതി നൽകാൻ അധികാരമുണ്ട്.

ഭൂഗർഭജലം ഉപയോഗിച്ചുള്ള ജലസേചനം

* 35 [35] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭ ജലം ഉപയോഗിച്ച് ജലസേചനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചത് കേന്ദ്ര സർക്കാർ ആയിരുന്നുവോ ;

(ബി) ആണെങ്കിൽ ആയതിലേക്ക് 1986-87 -ൽ കേന്ദ്രം നൽകുന്ന തുക എത്ര ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസി ഏതാണെന്ന് വെളിപ്പെടുത്താമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) അല്ല. സംസ്ഥാന ഗവൺമെൻറാണ്. എന്നാൽ കേന്ദ്ര ഗവൺമെൻറ് ഭൂഗർഭജലം ഉപയോഗിച്ച് ജലസേചന പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1986-87 -ൽ കേന്ദ്ര സഹായം എത്ര കിട്ടുമെന്ന് വ്യക്തമായിട്ടില്ല.

(സി) കേരള സർക്കാരിൻെറ ഭൂഗർഭ ജലവകുപ്പും. മൈനർ ഇറിഗേഷൻ വകുപ്പും.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

വഖഫ് ബോർഡിനു ലഭിച്ച സഹായധനം

116 [136] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ സംസ്ഥാന സർക്കാരിൽനിന്നും വഖഫ് ബോർഡിന് ലഭിച്ച സഹായധനം എത്ര ;

(ബി) ലഭിച്ച സഹായധനം ചെലവാക്കിയതിൻെറ വിശദമായ കണക്ക് സർക്കാരിന് നൽകിയിട്ടുണ്ടോ ;

(സി) ബോർഡിൻെറ ധനവിനിയോഗം ഓഡിറർമാരെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കാറുണ്ടോ ?

ഉത്തരം

(എ) 1982-83, 1983-84 — സഹായധനം നൽകിയിട്ടില്ല.
1984-85 .. 15 ലക്ഷം രൂപ
1985-86 .. 15 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly